# കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസം—അദ്ധ്യാപകരുടെ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് കമ്പ്യൂട്ടർ പരിജ്ഞാനം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

സ. ഉ. (എംഎസ്.) നമ്പർ 89/2011/പൊ.വി.വ.    തിരുവനന്തപുരം, 2011 മാർച്ച് 22.

പരാമർശം:—1. 7-1-2004-ലെ എച്ച്2/02270/04/ഡി.പി.ഐ. നമ്പർ കത്ത്.

2. 5-6-2010-ലെ ഐ.ടി.എസ്./2010/06/1028(1) എന്ന എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ കത്ത്.

## ഉത്തരവ്

കമ്പ്യൂട്ടർ പരിജ്ഞാനം ഹൈസ്കൂൾ വിഭാഗത്തിൽ നിർബന്ധമാക്കുകയും 2004-05 മുതൽ എസ്. എസ്. എൽ. സി. പരീക്ഷയുടെ ഒരു പ്രത്യേക വിഷയമായി ഇതിനെ മാറ്റുകയും ചെയ്തു. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിന് വിവരസാങ്കേതികവിദ്യയിലും കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിലും അദ്ധ്യാപകൻ സാമാന്യ അറിവ് നേടിയിരിക്കണം. അതിനാൽ അദ്ധ്യാപകർ തങ്ങളുടെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുന്നതിന് ഇനി മുതൽ കമ്പ്യൂട്ടർ പരിജ്ഞാനം നേടിയിരിക്കണമെന്ന് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. മൈക്രോസോഫ്ട് സ്കീമനുസരിച്ചുള്ള എംഎസ് ഓഫീസ് ടൂൾസും ഓപ്പൺ ഓഫീസ് സോഫ്ട്‌വെയറിൽ അതിനു തത്തുല്യമായ പാക്കേജുകളും ലഭ്യമാണ്. കേരളത്തിൽ ഓപ്പൺ കോഴ്സ് സോഫ്ട്‌വെയറുകൾ ഉപയോഗിക്കുന്നതിനാൽ എംഎസ് ഓഫീസിനു തത്തുല്യമായ ഓപ്പൺ ഓഫീസ് പാക്കേജിലുള്ള അറിവും, ഇന്റർനെറ്റ്, വെബ്ബ് അക്സസ് മുതലായവയും ഉൾപ്പെട്ട 45 മണിക്കൂറെങ്കിലും ദൈർഘ്യമുള്ള കോഴ്സുകൾ പാസ്സായിരിക്കണം.

GCPT. 11/1475/2011/DTP.

3. അത്തരം കോഴ്സുകൾ IT @ school-ന്റെ സഹായത്തോടെ SCERT തെരഞ്ഞെടുത്ത് പരിശീലനത്തിന് അദ്ധ്യാപകരെ തയ്യാറാക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജയിംസ് വർഗ്ഗീസ്,
*പ്രിൻസിപ്പൽ സെക്രട്ടറി.*

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
} പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്.

ഡയറക്ടർ, ഐ.ടി.@സ്കൂൾ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും.

സ്റ്റോക്ക് ഫയൽ.

ഓഫീസ് കോപ്പി.